**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6562 | 09.07.2014-ലെ മറുപടിയ്ക്ക്

## സഹകരണ പെൻഷൻ പദ്ധതി പരിഷ്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പദ്ധതി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി പരിഷ്കരിക്കുന്നതിനായുള്ള സഹകരണ പെൻഷൻ ബോർഡിന്റെ ശുപാർശ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (ബി) പെൻഷൻ തുകയുടെ പരിധികൾ പരമാവധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെ പെൻഷൻകാരുടെ പരമാവധി പ്രതിമാസ പെൻഷൻ തുകയായിരുന്ന 10,000/- രൂപ 11500/- രൂപയായും സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകളിലെ പെൻഷൻകാരുടെ പരമാവധി പ്രതിമാസ പെൻഷൻ തുകയായിരുന്ന 15,000/- രൂപ 17,500/- രൂപയായും വർദ്ധിപ്പിച്ച് 14.6.2013-ലെ സ.ഉ.(സാധാ) 382/2013/സഹ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പെൻഷൻ തുകകളുടെ പരിധി വർദ്ധിപ്പിക്കുന്നതുൾപ്പെടെ യുള്ള പെൻഷൻ പദ്ധതി പരിഷ്കരണ |

പ്രൊപ്പോസൽ പരിശോധനയിലാണ്.

| | | | |
|---|---|---|---|
| (സി) | പെൻഷനോടൊപ്പം അർഹതപ്പെട്ട ക്ഷാമബത്ത അനുവദിക്കുന്നതിനും ഫാമിലി പെൻഷൻ പുനഃസ്ഥാപിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | നിലവിലുള്ള പെൻഷനോടൊപ്പം ക്ഷാമബത്ത അനുവദിക്കുവാൻ പെൻഷൻ ബോർഡിന്റെ സാമ്പത്തിക സ്ഥിതി പര്യാപ്തമല്ല. സഹകരണ പെൻഷൻ ബോർഡിൽ അംഗങ്ങളായിട്ടുള്ള സഹകരണ സംഘം ജീവനക്കാരോ പെൻഷണറോ മരിച്ചാൽ ഫാമിലി പെൻഷൻ നിലവിൽ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ